# തല ആലോചനയോട്ട് ചേർന്ന ഒരു രാത്രി

പ്രസാദ് കാക്കശ്ശേരി



തല ആലോചനയോട്ട് ചേർന്ന ഒരു രാത്രി

പ്രസാദ് കാക്കശ്ശേരി
(മലയാളം: കവിതകൾ)

© 2024, Prasad Kakkassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Study of a Man's Head, a painting by Jacques-Louis David. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 തല ആലോചനയോട്ട് ചേർന്ന ഒരു രാത്രി . . . . . . . . . . . . . . . 4

2 എരിപൊരി സഞ്ചാരം . . . . 5

3 തോട്ടു വൈലിക്കര . . . . . . . 6

4 ശുദ്ധഗതി . . . . . . . . . . . . . . . 7

5 താളത്തിനൊത്ത് തുള്ളുന്ന ഇലകൾ . . . . . . . . . . . . . . . . . . 8

## 1

# തല ആലോചനയോട്ട് ചേർന്ന ഒരു രാത്രി

അയാളെപ്രതി വിചാരപ്പെട്ട് കണ്ണടഞ്ഞു് പോയ
ചടപ്പിൽ നിന്നുണർപ്പോൾ

ഒരു നോക്കു കണ്ടു തല.

അന്ധാളിച്ച പാതിരാത്രിയിൽ
കരുവാളിച്ച് നിൽക്കുന്നു
നെടുങ്കൻ ആലോചന.

മറുതല, ചെവിയറിയാതെ
ആലോചനയോട്ട് ചേർന്നു തല.

വികാരങ്ങളുടെ വാതിൽ
തുറന്നു തന്നെ കിടന്നു.

എന്തിനേറെ
വെള്ളത്തിൽ വരച്ച
വര പോലെയായി
തലവര

“നോട്ടത്തിന്റെ ബലിഷ്ഠ സൂചനയിൽ...

ഒരു ചിന്തയുമില്ലാതെ
ആലോചന പോയ വഴിയെ
തല കുനിച്ച്...

ആലോചന പുണർന്ന്
നെറുകിൽ മുത്തമിട്ട ചൂടിൽ
കടന്നു കളഞ്ഞു്...

ആലോചന നീട്ടും കത്തിത്തിളക്കത്തിൽ
പിടഞ്ഞുലഞ്ഞു്...

തലതെറിച്ച നിദ്രാടനം! ”

തലയെക്കുറിച്ച്
പിന്നീടൊരു വിവരവും
മെനയായി മെടഞ്ഞില്ല

തലമറന്നെണ്ണ തേച്ച്
മയങ്ങിപ്പോയ രാത്രി
അസംഖ്യം പുലഭ്യങ്ങളിലേക്ക്
പുലർന്നു...

സ്വതന്ത്ര പരിഭാഷ

ഒരിക്കലും ഭേദപ്പെടില്ലെന്ന് വിധിയെഴുതിയ
അസുഖക്കിടക്കയിൽ ഞരങ്ങുന്ന

വേദനയുടെ ആന്തരിക മുറിവിൽ നിന്ന്
അറ്റ് പോയ ബാഹ്യജീവിതത്തെ
ആധിയോടെ വായിച്ചെടുക്കുന്ന

ഞാനെന്ന മൗനത്തിന്റെ ക്ലിഷ്ടതയെ
തർജമ ചെയ്ത്
പരിക്കേറ്റ് പോയവൾ.

ലിപി നഷ്ടപ്പെട്ട ഭാഷയിലെ
അവസാനത്തെ മിണ്ടൽ പോലെ
ചില വാക്കുകൾ തന്നു.
ഒരു നോക്ക് കാണാൻ ചെന്ന
ഇണ്ടൽ നേരം

അസ്പഷ്ടമായിട്ടും
വ്യവച്ഛേദിച്ചില്ല
ഉച്ചരിച്ചതിന്റെ പൊരുൾ.

സങ്കടം കൊണ്ടോ
സഹതാപം കൊണ്ടോ വീണ്ടെടുക്കാതിരുന്ന
ആ വാക്കിന്റെ
പകപ്പിൽ നിന്ന്
പകർന്ന് കിട്ടുന്നു
വിവർത്തനാതീതമായ ഉൾമുറിവുകൾ

ഭേദപ്പെടില്ലെന്നറിഞ്ഞിട്ടും
മൊഴിമാറ്റിത്തളരുന്നു
സ്വതന്ത്രമാകാതെ ആ വേദനകൾ!

## 2

# എരിപൊരി സഞ്ചാരം

ഏതു വാഹനത്തിലാണെന്നറിയില്ല
എത്തിയേടത്തിറങ്ങുന്നു.
ധൃതിപ്പെട്ട ഇരമ്പങ്ങളിലേക്ക്
മാറിക്കേറും വരെ

എരിവുള്ള ഒരു തെരുവിലായിരുന്നു ഇന്നലെ
പലതരം മുളകുകൾ നീറി നീറി
വിളിക്കുന്ന ചന്തകൾ
എരിവുള്ള ലഡു
ഉണ്ട, കാന്താരി, അങ്ങാടി പച്ചയിൽ
നീറ്റും പലേ നിറ ഹൽവകൾ
പലയളവ് ഡപ്പയിൽ മുളകരച്ച പായസം.

എന്നെങ്കിലുമൊരിക്കൽ
നാക്ക് കൊണ്ട് സ്റ്റീം ചെയ്യും വ്ലോഗിൽ
ഉമിനീർ കൊഴപ്പൊഴകും കാഴ്ചകൾ

ഇന്ന്
എത്തിപ്പെട്ടത്
പൊരി വെയിലിന്റെ കടലോരം
എണ്ണയിൽ, കനലിൽ, ചട്ടിയിൽ
പൊരിയും
പല മാതിരി അലച്ചിലുകളിലേക്ക്
അലച്ചെത്തും തിളച്ച തിരകൾ.

കാല് പൊള്ളച്ച്
പരുവപ്പെട്ടും
പൊരിമണൽ ചുഴികൾ
ഓർമ്മയിൽ പൊരുന്നിരിയ്ക്കാനാവാത്ത
യാത്രയുടെ പൊരിച്ചിലുകൾ

വെന്ത കാലും
നീറുന്ന കണ്ണും
എരിപൊരി മനസ്സും
വെപ്രാളപ്പെട്ടെഴുതിയിട്ടും നിന്നിലേയ്ക്കെ-
ത്തുന്നില്ലല്ലോ ഈ സഞ്ചാരക്കുറിപ്പുകൾ!

## — 3 —

# തോട്ടു വൈലിക്കര

അപ്പുറമിപ്പുറമെന്ന
ചൊല്ലിനൊറ്റക്കഴ മാത്രം
അങ്ങുമിങ്ങടുക്കുവാൻ
ഒറ്റത്തെങ്ങുടൽ മാത്രം.

കൈത, കമ്യൂണിസ്റ്റ് പച്ച
കൊടിത്തൂവ, കർളകം
ഇരുൾ വെയിൽച്ചിരിയാകും
കരിവള്ളിപ്പടർപ്പുകൾ

വെള്ളമെത്തിത്തുടിക്കുന്ന
എടവപ്പാതി, ആഴം
മിഥുനത്തിൽ നിറയോളം
കുതിക്കും ഓളം

പരൽ, നീർക്കോലി,
തവള, കടു, മഞ്ഞ-
ച്ചേര, കൊക്ക്, കുള-
ക്കോഴി, ആമ, പൊന്മ
കോളാമ്പി മഞ്ഞ പൂക്കും
പ്രാണചിത്രണ ദൃശ്യത

ഒലിയ്ക്കുന്ന ഒലിച്ചന്തം
ഓരമെത്തി വിതാനിച്ച
കർക്കടെക്കുറ്റ്, മണ്ണിൻ
തിണ്ടുറഞ്ഞു് നീർന്ന
നാടിൻ നേരു് നട്ടെല്ല്.

*****

തോട്ടു വൈലിക്കര
ഗൂഗിൾ മാപ്പ് തൊട്ടപ്പോൾ
ഓർമ്മയുർന്ന പുറംപൂച്ചിൽ
വെറും ചതുപ്പ്.
കണ്ണിലൂറിച്ചാലിട്ടു
ബലം ചോർന്ന കലപ്പക്കോലം

## 4

# ശുദ്ധഗതി

കുന്ദട്ടുകൾ
വല വിരിച്ച വഴിയിൽ
പങ്കപ്പാടിലാവുന്ന
ശുദ്ധഗതി

തെളിമയെല്ലാം
കലങ്ങിയുഴലുന്ന
പച്ച വെള്ളത്തിന്റെ അധോഗതി

വേഗകാമനകളിൽ
മുറിവേറ്റ
തഥാഗത പുഞ്ചിരി

ഒന്നലഞ്ഞാൽ
വേരോടടിഞ്ഞു പോം
ദുർബലതയുടെ ഓമ.
കനിവും ഈർപ്പവും
തെഴുപ്പിച്ച ഓരഗതി

ഗത കാലത്തും
സമകാലത്തും
പാഴ്നിലഗതി

ചമയാനറിയാത്ത മനോഗതത്തിന്
മരണമുഖത്ത്
ഒരൊറ്റ വാക്കാൽ
നാം പുതപ്പിച്ച ശുഭ്രത

ഇന്നും
ഗതികിട്ടാതലയുന്ന
ശുദ്ധഗതി.

## 5

# താളത്തിനൊത്ത് തുള്ളുന്ന ഇലകൾ

വെയിൽ കനക്കുമ്പോൾ
വാടാതിരിക്കുവാൻ
വേരാഴമെത്തുന്ന
ശ്വാസവേഗങ്ങളെ
ധ്യാനിച്ചുണർത്തു...

കാർന്നു തിന്നാന-
ടുക്കുന്നൊരാർത്തികൾ
നീർ ഞരമ്പിനാൽ
ബലം വെച്ചൊടുക്കു
വേരു് നേരിനെ
പ്രാർത്ഥിച്ചെട്ടുക്കു...

പൂക്കളെ കൺപാർത്ത്
പഴുത്തും കരിഞ്ഞും
അടരുന്നതൊക്കെ മറക്കു...
ഉള്ളിലേറ്റു ഗന്ധബോധവിശ്രാന്തി
ശാന്തിമന്ത്രം ഉരുവിട്ടിരിക്കു...

തളിരിലകൾ
തരളജീവിതകാന്തികൾ
വെറുതെ തുള്ളിച്ച്
രസിച്ചാർത്തു വീശുന്നു
ജീവനകലയുടെ
മാന്ത്രികൻ കാറ്റ്!

□

## പ്രസാദ് കാക്കശ്ശേരി



തൃശ്ശൂർ ജില്ലയിലെ കാക്കശ്ശേരി ദേശത്ത് ജനിച്ചു. ആനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതുന്നു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ നിന്ന് എം. എ. മലയാളം ഒന്നാം റാങ്കോടെ വിജയിച്ചു. കലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. ഫിൽ. ഇപ്പോൾ മലപ്പുറം ജില്ലയിലെ പാലപ്പെട്ടി ഗവ. സ്കൂളിൽ ഹയർ സെക്കൻ്ററി മലയാളം അധ്യാപകൻ.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014